# ആശംസ

എൻെറ പ്രിയസുഹൃത്തായ ശ്രീ വി. ആർ. പരമേശ്വരൻ പിള്ള എഴുതിയ 'രാജാകേശവദാസ്' എന്ന ഈ ഗ്രന്ഥം ഞാൻ അനല്പമായ താൽപര്യത്തോടെ വായിച്ചു. മഹാനായ ഒരു ചരിത്രപുരുഷൻെറ ജീവിതവൃത്താന്തം രേഖാമൂലമായി പ്രതിപാദിക്കുവാനാണ് ഇതിൽ ശ്രമിച്ചിരിക്കുന്നത്. വളരെയൊന്നും പ്രാചീനനല്ലെങ്കിലും അദ്ദേഹത്തിൻെറ ജീവിതത്തെക്കുറിച്ചുള്ള രേഖകൾ കിട്ടുവാൻ അത്യധികം പ്രയാസമുണ്ടെന്നു പറയുന്നു. പത്തുനാല്പതു വർഷത്തെ നിരന്തര യത്നംകൊണ്ട് അവയിൽ കിട്ടാവുന്നതെല്ലാം കണ്ടുപിടിച്ച്, കേരളത്തിൻെറ പല ഭാഗങ്ങളിലും, വിശേഷിച്ച് കഥാപുരുഷൻെറ ജന്മദേശമായ ഇന്നത്തെ കന്യാകുമാരി ജില്ലയിൽ, അതിവിപുലമായ അന്വേഷണം നടത്തി ശേഖരിച്ച വിവരങ്ങളാണ് ഈ ഗ്രന്ഥത്തിൽ നൽകിയിരിക്കുന്നത്. ഈ വിഷയത്തിൽ ശ്രീ പരമേശ്വരൻപിള്ള ചെയ്തിരിക്കുന്ന പ്രയത്നം അങ്ങേയററം ശ്ലാഘനീയമാണ്. ഒരു ചരിത്രഗവേഷകൻെറ സത്യസന്ധതയോടും, ന്യായാധിപൻെറ നീതിനിഷ്ഠയോടും, സ്വരാജ്യസ്നേഹിയുടെ അഭിമാനത്തോടുംകൂടിയാണ് ഈ ഗ്രന്ഥം രചിച്ചിരിക്കുന്നത്. ഗ്രന്ഥകാരനെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു.

തിരുവിതാംകൂറിൻെറ പുരാവൃത്തങ്ങളാണ് ഞാൻ ജീവിതത്തിൽ ആദ്യമായി പഠിച്ച ചരിത്രം. ആ പേരിന്റെ അർത്ഥം ശ്രീ ഭൂമിയെന്നാണെന്ന് മനസ്സിലാക്കിയിരുന്ന എനിക്ക് അതിൽ അത്യധികമായ ആദരവും തോന്നുകയുണ്ടായി. ഇന്ന് ആ പേരുപോലും കേൾക്കാനില്ലെങ്കിലും ബാല്യപ്രായത്തിൽ ലഭിച്ച ആ അനുഭൂതികൾ അല്പംപോലും മങ്ങിയിട്ടില്ല. ഞങ്ങൾ ബാല്യത്തിൽ പഠിച്ച പുസ്തകങ്ങൾ

Digitized by Kerala Sahitya Akademi

ഇതിനൊരു ശുഭാശംസ നൽകി പ്രോത്സാഹിപ്പിച്ച വിജ്ഞാനനിധിയും വിദ്വൽകുലഭൂഷണനുമായ ഡോക്ടർ കെ. ഭാസ്കരൻ നായരോട്ട് എനിക്കു നിസ്സീമമായ കടപ്പാട്ടുണ്ട്.

ഈ ഗ്രന്ഥം സശ്രദ്ധം വായിച്ചുനോക്കി പ്രധാനഭാഗങ്ങളെയെല്ലാം സ്പർശിച്ചുകൊണ്ട് പ്രൗഢവും സമുജ്ജ്വലവുമായ ഒരവതാരികയെഴുതിത്തന്ന പ്രശസ്ത സാഹിത്യനായകനായ ശ്രീ പി. കെ. പരമേശ്വരൻനായരോട്ട് എനിക്കുള്ള ഹൃദയംനിറഞ്ഞ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഈ ഗ്രന്ഥരചനയിൽ എന്നെ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരുന്ന പ്രസിദ്ധ ഗവേഷകനായ ശ്രീ കെ. മഹേശ്വരൻ നായരോടും ചരിത്രസത്യാന്വേഷകനായ ശ്രീവെൺകുളം പരമേശ്വരനോടും അനുബന്ധത്തിൽ ചേർത്തിട്ടുള്ള മൂന്നു രേഖകൾ നൽകിയ ചരിത്രരേഖാസംഭരണ തത്പരൻ കിഴക്കേമഠത്തിൽ ശ്രീ ഗോവിന്ദൻ നായരോടും എനിക്കുള്ള നന്ദി അവർണ്ണ്യമാണ്.

ഇതിന്റെ മുദ്രണം മാതൃകായോഗ്യമായി നിർവ്വഹിച്ചുതന്ന യൂണിയൻ പ്രസ്സ് പ്രൊപ്രൈറ്റർ ശ്രീ സി. കെ. വിശ്വനാഥനോട്ട് എനിക്കുള്ള കടപ്പാടും പ്രത്യേകം പറഞ്ഞുകൊള്ളട്ടെ.

"തക്ഷശില",
പൂജപ്പുര,
തിരുവനന്തപുരം–12
16—2—1973

വി. ആർ. പരമേശ്വരൻ പിള്ള

Digitized by Kerala Sahitya Akademi

ഈ നാടിനെ സ്നേഹിച്ചവരും, അതിൻെറ ചരിത്രത്തിൽ അഭിമാനമുള്ളവരും എഴുതിയവയായിരുന്നു. പൂർവ്വികന്മാരിൽനിന്നു് വാമൊഴിയായി കേൾക്കുവാനിടയായ കഥകൾ പുസ്തകത്തിൽനിന്നു കിട്ടിയ വസ്തുതകൾക്കു് സാമൂഹികസ്മരണയുടെ മിഴിവു് നല്കുകയും ചെയ്തു. ഇങ്ങിനെ ലഭിച്ച ചരിത്രബോധത്തിൽ പൂർണ്ണചന്ദ്രനെപ്പോലെ ദീപ്തിമാനായി പരിലസിക്കുന്ന മഹാപുരുഷനാണു് രാജാകേശവദാസൻ. കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവിൻെറ മന്ത്രിസത്തമനായിരുന്ന അദ്ദേഹം 54 സംവത്സരമേ ജീവിച്ചിരുന്നുള്ളു. ക്രിസ്തു 18-ാം നൂററാണ്ടിൻെറ ആ ഉത്തരാർദ്ധമായിരുന്നു തിരുവിതാംകൂറിൻെറ സുവർണ്ണകാലം. അസൂയാവഹമായ ഐശ്വര്യത്തിലേക്കും സംസ്കാരമഹിമയിലേക്കും കുതിച്ചുകയറുവാൻ തുടങ്ങിയ ആ കാലത്താണു് ഈ ചെറിയ നാട്ടുരാജ്യം അതിന്നു നേരിടേണ്ടിവന്ന ഏററവും വലിയ ആപത്തിനെയും തരണംചെയ്തതു്. മൈസൂർക്കടുവാ എന്നു ദുഷ്കീർത്തി നേടിയ ടിപ്പുസുൽത്താൻ ദുരുദ്ദേശത്തോടെ തിരുവിതാംകൂറിനെ അക്രമിച്ചതും, ആ മഹാവിപത്തിൽനിന്നു് ദിവാൻ കേശവപിള്ള രാജ്യത്തെ രക്ഷിച്ചതും ഓരോ തിരുവിതാംകൂറുകാരനെയും പുളകംകൊള്ളിക്കുന്ന സംഭവങ്ങളാണു്.

കഥാപുരുഷൻ കാലയവനികയിൽ മറഞ്ഞിട്ടു് 174 വർഷങ്ങളേ ആയിട്ടുള്ളു. രാജ്യത്തിൻെറ ഭാഗധേയത്തെയും ജനങ്ങളുടെ സൈ്വരജീവിതത്തെയും ആടിത്തറയോളം ഇളക്കിമറിച്ച അന്നത്തെ സംഭവങ്ങളുടെ സ്മരണ ജനസമൂഹത്തിൻെറ മനസ്സിൽനിന്നു ഇനിയും മാഞ്ഞുപോയിട്ടില്ല. സമകാലീനരിൽനിന്നു് അനുഭവകഥനങ്ങളായി പിൻതലമുറകളിലേക്കു് കൈ പകർന്നുപോന്നിട്ടുള്ള പുരാവൃത്തങ്ങൾ ഏതു രേഖയെയും റിപ്പോർട്ടിനെയുംകാൾ പ്രാധാന്യമർഹിക്കു

Digitized by Kerala Sahitya Akademi

ന്നവയാണെന്ന് ഞാൻ കരുതുന്നു. പരമ്പരാഗതമായ ഈ ഇതിഹാസദീപ്തിയിൽ രാജാകേശവദാസൻ യശോരാശിയായി, തിരുവിതാംകൂറിൻെറയോ കേരളത്തിന്റെയോ മാത്രമല്ല, തെന്നിന്ത്യയുടെതന്നെയും ആപൽബന്ധുവായ രാജ്യതന്ത്രജ്ഞനായും പിറക്കും തലമുറകളുടെ ശ്രേയസ്സിനുവേണ്ടി മറക്കുവാനാകാത്ത സേവനമനുഷ്ഠിച്ച മഹാത്മാവായും ശോഭിക്കുന്നു.

അദ്ദേഹത്തിൻെറ എതിരാളിയായി ചരിത്രത്തിൻെറ സംഗ്രാമഭൂമിയിൽ നാം കാണുന്നതു് മതത്തിൻെറ പേരിലും സാമ്രാജ്യമോഹത്തിൻെറപേരിലും എത്രയോ ലക്ഷം കേരളീയരെ കണ്ണുനീരുകുടിപ്പിച്ച കശ്മലഹൃദയനായ ടിപ്പുവിനെയാണ്. ആ മനുഷ്യാധമൻ ചെയ്ത കൊടുംക്രൂരതകളുടെയും നരമേധങ്ങളുടെയും സ്മരണയും മലയാളികളുടെ മനസ്സിൽനിന്നു മാഞ്ഞുപോയിട്ടില്ല. വടക്ക് ചന്ദ്രഗിരിപ്പുഴമുതൽ തെക്ക് ആലുവാപ്പുഴവരെയുള്ള ഭൂവിഭാഗത്തു് ഈ ഘോരപാതകങ്ങളുടെ ഭൗതികാവശിഷ്ടങ്ങളും ധാരാളമായി കാണാവുന്നതാണ്. രാജാകേശവദാസൻെറ യശഃകായത്തിൽ ഇങ്ങിനെയുള്ള കളങ്കമൊന്നും ശത്രുക്കൾക്കുപോലും ഇന്നുവരെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹം ദേവാലയങ്ങൾ ധ്വംസിക്കുകയോ അന്യമതക്കാരെ വാളോങ്ങി മാർഗ്ഗംകൂട്ടുകയോ ചെയ്തിട്ടില്ല. എന്നല്ല വിദൂരദിക്കുകളിൽനിന്ന് വിമതസ്ഥരായ വണിക്കുകളെ ക്ഷണിച്ചുവരുത്തി ഈ രാജ്യത്തു് കുടി പാർപ്പിക്കുകയും ചെയ്തു. സത്യത്തെ ബഹുമാനിക്കുന്നവർക്ക് ആലോചനാമൃതങ്ങളായ രണ്ടു ചിത്രങ്ങളാണിവ.

ചരിത്രഗ്രന്ഥങ്ങളെല്ലാം പിൻകാഴ്ചയുടെ കളങ്കംകലർന്നവയാണെന്ന് പറയാറുണ്ട്. എത്ര നിഷ്പക്ഷമതികളെന്നു ഭാവിച്ചാലും പില്ക്കാലത്തുള്ളവർ ചരിത്രമെഴുതുമ്പോൾ അവരുടെ അഭിപ്രായങ്ങൾക്കും സങ്കല്പങ്ങൾക്കും അനുരൂപമായി

Digitized by Kerala Sahitya Akademi

ട്ടാണ് രേഖകളും തെളിവുകളും കാണുന്നത്. ഒന്നുമില്ലെങ്കിൽ പില്ക്കാല സംഭവങ്ങളുടെ നിഴലെങ്കിലും അവരുടെ വീക്ഷണത്തെ വികലമാക്കുന്നു. ആയുധശക്തികൊണ്ട് അന്യജനങ്ങളെ കീഴടക്കുന്നതിനോ ഭാവിയിലേക്കുവേണ്ടി ചരിത്രം എഴുതിവെയ്ക്കുന്നതിനോ യത്നിച്ചിട്ടില്ലാത്ത ഭാരതീയർക്കും അവരുടെ സംസ്കാരത്തിനുമാണ് ആധുനികകാലത്തെ ചരിത്രമെഴുത്തിൽ അറിഞ്ഞും അറിയാതെയും നടക്കുന്ന ഈ ദ്രോഹം ഏററവുംകൂടുതൽ അനുഭവിക്കേണ്ടിവന്നിട്ടുള്ളത്. സാമാന്യബുദ്ധിക്ക് സഹിക്കാവുന്നതിലും അധികമാകമ്പോൾമാത്രമേ ഇത്തരം അവഹേളനങ്ങൾക്ക് സൗമ്യമായ രീതിയിലെങ്കിലും മറുപടി പറയുവാൻ ദേശാഭിമാനികളായ പണ്ഡിതന്മാർ തുനിഞ്ഞിട്ടുള്ളു. ശ്രീ പരമേശ്വരൻ പിള്ളയുടെ ഉദ്യമത്തെ ഈ രീതിയിലാണ് ഞാൻ വിലമതിയ്ക്കുന്നത്. സന്ദർഭോചിതമായി അദ്ദേഹം ചെയ്തിരിക്കുന്ന ഈ സേവനത്തെ വിലമതിക്കുകയും ശ്ലാഘിക്കുകയും ചെയ്യുന്നതോടൊപ്പം അദ്ദേഹത്തിന്റെ സൽഗ്രന്ഥത്തിന് ഞാൻ സർവ വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു. ചരിത്രഗവേഷണവും പുരാവൃത്തപഠനവും ജീവിത വ്രതമായി സ്വീകരിച്ച്, ഷഷ്ട്യബ്ദപൂർത്തി കഴിഞ്ഞിട്ടും നിസ്തന്ദ്രമായി പ്രയത്നിച്ചുകൊണ്ടിരിക്കുന്ന പ്രശസ്തനായ ഈ പണ്ഡിത സുഹൃത്തിന് ഞാൻ ദീർഘായുസ്സും പരിപൂർണ്ണമായ ആരോഗ്യവും, തന്റെ പ്രിയംകരമായ പ്രവൃത്തിമണ്ഡലത്തിൽ ഇനിയും ഇതുപോലെ വിലപ്പെട്ട അനേകം നേട്ടങ്ങളും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

തിരുവനന്തപുരം
18-2-1973

ഡോക്ടർ കെ. ഭാസ്കരൻ നായർ

Digitized by Kerala Sahitya Akademi

# അഭിപ്രായങ്ങൾ

ശ്രീ കെ. ദാമോദരൻ തയ്യാറാക്കിയ ഈ ഗ്രന്ഥത്തിൻെറ കൈയെഴുത്തുപ്രതി ഞാൻ വായിച്ചുനോക്കി. അദ്ദേഹത്തിൻെറ ചിന്താശീലത്തെയും ഗ്രന്ഥരചനയിലുള്ള ഉത്സാഹത്തെയും ഭാഷാസ്വാധീനത്തെയും ഞാൻ മാനിക്കുന്നു. ആധുനികവിജ്ഞാനത്തെ പൗരാണികസങ്കല്പങ്ങളുമായി ഇണക്കിയെടുക്കുന്നതിനുള്ള ഒരു യത്നമാണ് അദ്ദേഹം ചെയ്തിരിക്കുന്നത്. ഭൂമിയിൽ ജീവൻെറ ഉത്ഭവത്തെയും നൂറുലക്ഷം നൂററാണ്ടുകളിലായി വ്യാപിച്ചുകിടക്കുന്ന അതിൻെറ പരിണാമപരിപാടികളെയും കുറിച്ച് ജീവശാസ്ത്രജ്ഞന്മാർ ഉന്നയിച്ചിട്ടുള്ള സിദ്ധാന്തമാണ് ഭാരതീയരുടെ ദശാവതാരകഥകളിൽ അടങ്ങിയിരിക്കുന്നതെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഈ വിശ്വാസത്തിൻെറ അടിസ്ഥാനത്തിലാണ് ഈ ഗ്രന്ഥം എഴുതിയിരിക്കുന്നത്.

ഭൂമുഖത്ത് ലക്ഷക്കണക്കിലുള്ള ഭിന്നജാതികളിൽ കാണപ്പെടുന്ന ജീവജാലം എന്നും ഒരേരൂപത്തിൽ നില്ക്കുന്നതല്ലെന്നും, ജീവജാതികൾക്ക് കാലഗതിയിൽ മാററം വരുമെന്നും, തൽഫലമായി പുതിയ പുതിയ ജാതികൾ ഉണ്ടാകുമെന്നും ഉള്ള വസ്തുതയാണ് ജീവശാസ്ത്രത്തിലെ പരിണാമവാദത്തിൻെറ സാരസർവ്വസ്വം. ഈ തത്വത്തിൻെറ ഉപജ്ഞാതാവ് ചാറത്സ് ഡാർവിൻ എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞനാണെന്നാണ് സാധാരണ പറയാറുള്ളതെങ്കിലും വാസ്തവം അതല്ല. ആധുനികയുഗത്തിൽ ഈ വിഷയത്തെക്കുറിച്ചു ചിന്തിക്കുകയും ശാസ്ത്രീയമായ പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തവരുടെ കൂട്ടത്തിൽ പ്രമാണി ഡാർവിൻ ജനിക്കുന്നതിനു് അറുപത്തഞ്ചുവഷം മുൻപ് ഭൂജാതനായ ലാമാർക്ക് എന്ന ഫ്രഞ്ചുപണ്ഡിതനാണ്. പരിണാമതത്വത്തിൻെറ ഉപദർശനമല്ല, പരിണാമം എങ്ങനെയാണ് സംഭവിക്കുന്നത്

Digitized by Kerala Sahitya Akademi

എന്ന വിഷയത്തെപ്പററിയുള്ള ഒരു നൂതനസിദ്ധാന്തമാണ് ഡാർവിൻ ജീവശാസ്ത്രത്തിനു നല്കിയ സംഭാവന ഈ സിദ്ധാന്തം പ്രഖ്യാപിച്ചുകൊണ്ടു് 1859—ൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ 'ജീവജാതികളുടെ ഉത്ഭവം' എന്ന ഗ്രന്ഥം കണ്ടപ്പോഴാണ് സാധാരണജനങ്ങൾക്കും, അഭിജ്ഞന്മാർക്കുതന്നെയും, പരിണാമതത്ത്വത്തെക്കുറിച്ചുള്ള ബോധമുണ്ടായതു്. അങ്ങനെ പരിണാമം എന്ന സങ്കല്പം തന്നെ ഈ മഹാൻെറ നാമത്തോടു ബന്ധപ്പെടുവാൻ ഇടയായി.

പരിണാമതത്ത്വം—ജീവജാതികൾ നിത്യമൂർത്തങ്ങളല്ല, മാറുന്നവയാണ് എന്ന വസ്തുത—പല പ്രാചീനസംസ്കാരങ്ങളിലും അറിയപ്പെട്ടിരുന്നതാണ് എന്നു കരുതുവാൻ ന്യായമുണ്ടു്. യവനചിന്തകന്മാരായ എമ്പിഡോക്ലിസ്, ലുക്രീഷ്യസ് എന്നിവരുടെ കൃതികളിൽ ഇതിൻെറ സൂചനകളുണ്ടെന്നു് ഓസ്ബോൺ എന്ന അമേരിക്കൻശാസ്ത്രജ്ഞൻ പ്രസ്താവിക്കുന്നു. പ്രപഞ്ചത്തിൽ കാണുന്നതു് സമസ്തവും മാറുന്നതും മറയുന്നതും മായാമയവുമാണെന്നു് ഉറപ്പിച്ചുപറഞ്ഞ പ്രാചീനഭാരതീയരും ഈ അർത്ഥത്തിൽ പരിണാമതത്ത്വം അറിഞ്ഞിരിക്കാം. അത്രയും സമ്മതിക്കാമെന്നല്ലാതെ, ദശാവതാരകഥയിൽ അതു് സ്ഥൂലമായിപ്പോലും സന്നിവേശിപ്പിച്ചിട്ടുണ്ടെന്നു ഞാൻ കരുതുന്നില്ല. ഭൂമിയുടെ ചരിത്രത്തിൽ, ഇന്നേക്കു് എത്രയോ ലക്ഷം വർഷങ്ങൾക്കുമുൻപു്, ജീവിച്ചിരുന്ന ജന്തുക്കളുടെയും സസ്യങ്ങളുടെയും അവശിഷ്ടങ്ങൾ കുഴിച്ചെടുത്തു പരിശോധിച്ചു് ദീർഘമായ പഠനങ്ങൾക്കു വിധേയമാക്കിയതിൻെറ ഫലമായി കണ്ടെത്തിയ വസ്തുതയാണ് ജീവശാസ്ത്രത്തിലെ പരിണാമം. അങ്ങനെയുള്ള പഠനം ആധുനികകാലത്തു മാത്രമേ നടന്നിട്ടുള്ളു.

സയൻസിൻെറ പിൻബലത്തോടുകൂടി പറഞ്ഞാൽ മാത്രമേ ഏതു കാര്യവും ഇന്നത്തെ ആളുകൾക്കു ബോദ്ധ്യമാകൂ എന്ന സ്ഥിതിവിശേഷംമൂലമാണ് ശ്രീ ദാമോദരൻ തൻെറ വിചിന്തനങ്ങൾക്കു് ഈ രൂപം നല്കിയതു് എന്നു ഞാൻ കരുതുന്നു. ഈ സംരംഭത്തിൻെറ സദുദ്ദേശം സ്പഷ്ട

Digitized by Kerala Sahitya Akademi

മാണെങ്കിലും, അതിൻെറ സഫലീകരണത്തിന് ഈ ഗ്രന്ഥത്തിൽ കാണുന്നതിനെക്കാരം വിദശധവും സൂക്ഷ്മവു മായ ശാസ്ത്രജ്ഞാനം ആവശ്യമാണെന്നു പറയേണ്ടിയിരി ക്കുന്നു. ജീവൻെറ ഉൽപത്തി, ആദ്യമുണ്ടായ ജീവികളുടെ ലക്ഷണങ്ങരം, അമീബയുടെയും ജീവശരീരങ്ങളുടെ ഘട കങ്ങളായ സെല്ലുകളുടെയും സ്വരൂപം എന്നു തുടങ്ങി ആധു നികവിജ്ഞാനത്തെ സ്പർശിക്കുന്ന ഗ്രന്ഥഭാഗങ്ങരം മിക്കതും മാററിയെഴുതിയെങ്കിലേ ശാസ്ത്രരീത്യാ ശരിയാവുകയുള്ളൂ. പക്ഷേ, അങ്ങനെയുള്ള ശാസ്ത്രജ്ഞാനത്തിന് ഈ വിചി ന്തനങ്ങളിൽ ഒരു ഉപദംശത്തിൻെറ സ്ഥാനം മാത്രമേ നല്കേണ്ടതുള്ളൂ. മനസ്സിന്റെ പ്രാഥമികഭാവത്തെയും വിശ്വ രൂപത്തെയും സ്ഥാപിക്കുകയും, ജീവൻ ഉൽക്കർഷത്തി ലേക്കു കാലത്തിലൂടെ നടത്തുന്ന പരീക്ഷണാത്മകമായ പ്രയാണത്തെക്കുറിച്ചു പ്രതിപാദിക്കുകയുമാണ്, ഗ്രന്ഥ കാരൻെറ പ്രധാനമായ ഉദ്ദേശം. ശാസ്ത്രജ്ഞാനത്തിൻെറ പരിമിതികളുണ്ടെങ്കിലും, ഈ കൃത്യം അദ്ദേഹം ശ്ലാഘനീ യമായ രീതിയിൽ നിർവഹിച്ചിരിക്കുന്നു എന്നു പറയു വാൻ സന്തോഷമുണ്ട്. ഈ ഗ്രന്ഥത്തിനും ഗ്രന്ഥകർത്താ വിനും ഞാൻ സർവവിജയങ്ങളും ആശംസിക്കുന്നു.

—ഡോ. കെ. ഭാസ്കരൻനായർ

II

കഷ്ടം കഷ്ടം നിരൂപണം കൂടാതെ
ചുട്ടുതിന്നുന്നു ജന്മം പഴുതെ നാം
എത്ര ജന്മം പ്രയാസപ്പെട്ടിക്കാലം
അത്ര വന്നു പിറന്നു സുകൃതത്താൽ
എത്ര ജന്മം മലത്തിൽ കഴിഞ്ഞതും
എത്ര ജന്മം ജലത്തിൽ കഴിഞ്ഞതും
എത്ര ജന്മങ്ങരം മണ്ണിൽ കഴിഞ്ഞതും
എത്ര ജന്മം മരങ്ങളായ് നിന്നതും
എത്ര ജന്മം മരിച്ചു നടന്നതും

Digitized by Kerala Sahitya Akademi

എത്ര ജന്മം മൃഗങ്ങൾ പശുക്കളായ്
മർത്ത്യജന്മത്തിൻമുമ്പേ കഴിച്ചു നാം.
(ജ്ഞാനപ്പാന)

പൂന്താനം നമ്പൂതിരി ജ്ഞാനപ്പാനയിൽ ഇങ്ങനെ എഴുതുമ്പോൾ അദ്ദേഹം പരിണാമവാദം വിവരിക്കയാണെന്ന് നമ്മളോ അദ്ദേഹമോ വിചാരിച്ചുകാണില്ല. പക്ഷേ, വാസ്തവമതാണ്. പതിനേഴാംനൂററാണ്ടിൽ ജീവിച്ചിരുന്ന അദ്ദേഹം തനിക്കു പരിചയമുള്ള ഭാഗവതത്തിൽ കണ്ടതു് സമാഹരിച്ചു പറയുകയാണു ചെയ്തതു്. പുനർജ്ജന്മവാദത്തെ അദ്ദേഹം ഇവിടെ വേറൊരു രൂപത്തിൽ അവതരിപ്പിക്കയുംചെയ്തു.

പാശ്ചാത്യവും പൗരസ്ത്യവുമായ ആശയങ്ങളുമായി പരിചയമുള്ള ജവഹർലാൽ പറയുന്നതും നമുക്കു നോക്കാം:

''താത്ത്വികമായി എനിക്കു് ഈ ലോകത്തിൽ, ഈ ജീവിതത്തിലാണു് ലക്ഷ്യം. മറെറാരു ലോകത്തിലോ, ഒരു ഭാവിജീവിതത്തിലോ അല്ല. ആത്മാവെന്നു് ഒരു കാര്യം ഉണ്ടെന്നോ, മരണത്തിനുശേഷം അതു നിലനില്ക്കുമെന്നോ, ഇല്ലെന്നോ ഉള്ള കാര്യവും എനിക്കു് അറിഞ്ഞുകൂടാ; ഈ പ്രശ്നങ്ങൾ പ്രാധാന്യം അർഹിക്കുന്നവയാണെങ്കിലും എന്നെ ഇവ ഒട്ടുംതന്നെ ശല്യംചെയ്യുന്നില്ല. ഞാൻ വളന്ന ചുററുപാടു് ആത്മാവിനെയും, പുനർജ്ജന്മത്തെയും, കാര്യകാരണങ്ങളെ ബന്ധിക്കുന്ന 'കർമ്മം' എന്ന തത്ത്വസംഹിതയേയും ഉൾക്കൊള്ളുന്നതാണു്. അതുകൊണ്ടു് പുനർജ്ജന്മം ഉണ്ടെന്ന വിശ്വാസവും അതു സ്വീകരിച്ചുകഴിഞ്ഞു. (സ്ഥിരീകരിച്ചു സത്യമായി സ്വീകരിച്ചു.) ഇതു് എന്നെ സ്വാധീനമാക്കിയതിനാൽ ഈ സങ്കല്പങ്ങളോടു് പ്രതിപത്തിയാണു് ഉള്ളതും. ദേഹനാശത്തിനുശേഷവും നശിക്കാത്ത ഒരു ആത്മാവുണ്ടായിരുന്നേക്കാം. ജീവിതത്തിലെ പ്രവൎത്തനങ്ങളെ നിയന്ത്രിക്കുന്നതും കാര്യകാരണബന്ധമുള്ളതുമായ ഒരു തത്ത്വസംഹിത ഉണ്ടെന്നുള്ളതു് ബുദ്ധിക്കു നിരക്കുന്നതാണു്. എന്നാൽ പരമാന്ത്യകാര്യങ്ങളെപ്പററി ചിന്തിക്കുമ്പോൾ വിഷമങ്ങളും ഉണ്ടാകും.

Digitized by Kerala Sahitya Akademi